# പതിനാലാം കേരള നിയമസഭ
# (പതിമൂന്നാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:3412** **10.12.2018-ൽ മറുപടിയ്ക്ക്**

## കായലുകളിലെ പോളശല്യം

| ചോദ്യം<br>ശ്രീ.എ.എം. ആരിഫ് | | മറുപടി<br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|---|
| എ) കായലുകളിൽ വ്യാപകമായി കാണുന്ന പോളശല്യം പരിഹരിക്കുന്നതിനായി ഫിഷറീസ് വകുപ്പ് ആവിഷ്കരിച്ചിട്ടുള്ള പദ്ധതി എന്താണെന്ന് വ്യക്തമാക്കാമോ;<br><br>ബി) പോളശല്യം ഉൾനാടൻ മത്സ്യബന്ധനത്തിന് ഉണ്ടാക്കുന്ന ബുദ്ധിമുട്ടുകൾ വിലയിരുത്തിയിട്ടുണ്ടോ;<br><br>സി) അരൂർ മണ്ഡലത്തിലെ കായലുകളിലുള്ള പോളശല്യം പരിഹരിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | എ) യും ബി) യും സി) യും | പോളശല്യം ഉൾനാടൻ മത്സ്യബന്ധനത്തിന് ഉണ്ടാക്കുന്ന ബുദ്ധിമുട്ടുകൾ വിലയിരുത്തുകയും ആയതനുസരിച്ച് കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി ഫിഷറീസ് വകുപ്പിന്റെ കീഴിലുള്ള ഏജൻസിയായ ഫിർമ മുഖാന്തിരം കുട്ടനാട് പ്രദേശങ്ങളിലെ പോളപ്പായൽ ശല്യം ഒഴിവാക്കുന്നതിന് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിരുന്നു. എന്നാൽ 2014-ന ശേഷം കുളവാഴ നിർമ്മാർജ്ജനം സംബന്ധിച്ചുള്ള പദ്ധതികളൊന്നും ഫിഷറീസ് വകുപ്പ് മുഖാന്തിരം നടപ്പാക്കുന്നില്ല. കായലുകളിൽ വ്യാപകമായി കാണുന്ന പോളശല്യം പരിഹരിക്കുന്നതിനായി നിലവിൽ പദ്ധതികളൊന്നും തന്നെ ഫിഷറീസ് വകുപ്പിൽ ആവിഷ്കരിച്ചിട്ടില്ല.<br>ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഇറിഗേഷൻ വകുപ്പുമായി ചേർന്ന് പ്രശ്ന പരിഹാരത്തിനുള്ള നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകുന്നതാണ്. |

**സെക്ഷൻ ഓഫീസർ**